അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ റോഡിന്റെ ദു:സ്ഥിതി പരിഹരിക്കാൻ നടപടി

58 [656] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽകോളേജിലേക്കുള്ള അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ റോഡ് പതിവായി ഇടിഞ്ഞ് തകർന്ന് വാഹന ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ 15 മാസങ്ങൾക്കിടയിൽ പ്രസ്തുത റോഡിൽ എത്ര തവണ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തികളും നടത്തി എന്നറിയിക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥയ്ക്കുള്ള കാരണങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി സ്ഥിര പരിഹാരമുണ്ടാക്കണമെന്ന സ്ഥലം ജന പ്രതിനിധിയുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ഡി) അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ റോഡിന്റെ നിർമ്മാണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടുതവണ.

(സി)യും (ഡി)യും പ്രസ്തുത റോഡിന്റെ നിർമ്മാണ വൈകല്യങ്ങളുടെ പ്രശ്ന പരിഹാരത്തിനായി ഡിസൈൻ സമർപ്പിക്കുവാനായി എൽ.ബി.എസ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് കിട്ടുന്ന മുറയ്ക്ക് ശാശ്വത പരിഹാരത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

പുലാമന്തോൾ പഴയപാലം പൊളിച്ച് നീക്കുന്നതിന് നൽകിയ കരാർ

59 [657] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുലാമന്തോൾ പഴയപാലം പൊളിച്ചുനീക്കുന്നതിന് സർക്കാർ ആർക്കാണ് കരാർ നൽകിയത് എന്ന് അറിയിക്കാമോ ;

(ബി) കരാർ പിന്നീട് സബ്കോൺട്രാക്ടർക്ക് കൈമാറിയിരുന്നോ എന്നും എങ്കിൽ ആർക്ക് എന്നും വ്യക്തമാക്കുമോ ;

(സി) കരാർ തുക എത്ര എന്നും സബ് കരാർ തുക എത്ര എന്നും, എന്നാണ് കരാർ നൽകിയതെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly